# പ്രൗഢഗംഭീരമായ
# മന്നംജയന്തി ആഘോഷം - 2024

എന്നത്തേക്കാളും പ്രൗഢഗംഭീരവും ജനനിബിഡവും സാംസ്കാരികത്തനിമ തെളിയിച്ചതുമായ സമ്മേളനങ്ങളാണ് 147-ാമത് മന്നംജയന്തിആഘോഷത്തോടനുബന്ധിച്ച് ഇക്കഴിഞ്ഞ ജനുവരി ഒന്നും രണ്ടും തീയതികളിൽ എൻ.എസ്.എസ്. ആസ്ഥാനത്ത് നടന്നത്. ചരിത്രത്തിൽ ഇടംപിടിച്ച ഈ മഹാസമ്മേളനങ്ങൾ നായർ സർവീസ് സൊസൈറ്റി എന്ന മഹത്തായ പ്രസ്ഥാനത്തിന്റെ കെട്ടുറപ്പും നായർസമുദായാംഗങ്ങൾ തമ്മിലുള്ള ഐക്യവും ഇതരസമുദായങ്ങളുമായുള്ള സൗഹൃദവും വിളിച്ചോതുന്നതായിരുന്നു.

ഒന്നാംദിവസം നടന്ന അഖിലകേരളനായർപ്രതിനിധി സമ്മേളനത്തിൽ പങ്കെടുക്കാൻ സംസ്ഥാനമൊട്ടുക്കുള്ള എൻ.എസ്.എസ്.കരയോഗങ്ങളിൽനിന്നു വന്നെത്തിയ പ്രതിനിധികൾ ആദ്യം ഒഴുകിനീങ്ങിയത് സമുദായാചാര്യൻ അന്ത്യവിശ്രമംകൊള്ളുന്ന പുണ്യസങ്കേതമായ മന്നംസമാധിയിലേക്കാണ്. തികച്ചും ക്ഷേത്രസമാനമായി സംരക്ഷിച്ചുവരുന്ന മന്നംസമാധിമണ്ഡപത്തിലേക്ക് ദർശനത്തിനും പുഷ്പാർച്ചനയ്ക്കും ഏവർക്കും നിർബാധം കടന്നുചെല്ലാൻ രാവിലെ 7 മുതൽ സൗകര്യം ഒരുക്കിയിരുന്നു. അവിടെയെത്തിയ മുഴുവൻപേരും പുഷ്പാർച്ചന നടത്തി ആ മഹാത്മാവിന് പ്രണാമം അർപ്പിച്ചശേഷമാണ് സമ്മേളനത്തിൽ പങ്കെടുത്തത്.

എൻ.എസ്.എസ്. പ്രസിഡന്റ് ഡോ. എം. ശശികുമാറിന്റെ അദ്ധ്യക്ഷതയിൽകൂടിയ അഖിലകേരള നായർപ്രതിനിധിസമ്മേളനത്തിൽ ജനറൽ സെക്രട്ടറി ജി. സുകുമാരൻനായരുടെ സ്വാഗതപ്രസംഗത്തിനും വിശദീകരണത്തിനുംശേഷം ജാതിതിരിച്ചുള്ള സെൻസസ് നടപടികളിൽനിന്നും സർക്കാർ പിന്മാറണം എന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രമേയം യോഗത്തിന്റെ പരിഗണനയിൽ വരുകയും ആയത് ഐകകണ്ഠ്യേന അംഗീകരിക്കുകയും ചെയ്തു. കരയോഗം രജിസ്ട്രാർ വി.വി. ശശിധരൻനായർ കൃതജ്ഞത പറഞ്ഞു.

യോഗാനന്തരം ഉച്ച മുതൽ ബാംഗ്ലൂർ ബ്രദേഴ്സിന്റെ സംഗീതസദസ്സ്, വൈകുന്നേരം രചനനാരായണൻകുട്ടിയുടെയും സംഘത്തിന്റെയും നൃത്തഅവതരണം, തിരുവല്ല ശ്രീവല്ലഭവിലാസം കഥകളിയോഗം അവതരിപ്പിച്ച മേജർസെറ്റ് കഥകളി എന്നിങ്ങനെയുള്ള മികച്ച കലാപരിപാടികൾ അടുത്തദിവസം പുലർച്ചവരെ ആ സ്റ്റേജിൽ അരങ്ങേറി.

രണ്ടാംദിവസം രാവിലെ നാഗസ്വരക്കച്ചേരിയോടുകൂടിയാണ് ജന്മദിനാഘോഷം ആരംഭിച്ചത്. പതിവുപോലെ മന്നംസമാധിമണ്ഡപത്തിൽ രാവിലെ 7 മുതൽ ഇടവിടാതെ പുഷ്പാർച്ചന നടന്നുകൊണ്ടേയിരുന്നു. 11 മണിക്ക് എൻ.എസ്.എസ്. പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ 147-ാമത് മന്നംജയന്തിസമ്മേളനം ആരംഭിച്ചു. ജനറൽ സെക്രട്ടറി സ്വാഗതം ആശംസിച്ചു. മുൻരാജ്യസഭാംഗം തെന്നല ബാലകൃഷ്ണപിള്ള സമ്മേളനം ഉദ്ഘാടനം ചെയ്തു. പ്രശസ്തസാഹിത്യകാരനും കേന്ദ്രസാഹിത്യഅക്കാദമി വിശിഷ്ടാംഗവുമായ സി. രാധാകൃഷ്ണൻ മുഖ്യപ്രഭാഷണം നടത്തി. അദ്ദേഹത്തെ അനുമോദിച്ചുകൊണ്ട് നായർ സർവീസ് സൊസൈറ്റിയുടെ വക അഞ്ചുപവന്റെ മുത്തുമണിമാല സമ്മാനിച്ചു. മികച്ച പാർലമെന്റേറിയനുള്ള പുരസ്കാരം നേടിയ ലോകസഭാംഗം എൻ.കെ. പ്രേമചന്ദ്രൻ അനുസ്മരണപ്രഭാഷണം നടത്തി. എൻ.എസ്.എസ്. ട്രഷറർ അഡ്വ. എൻ.വി. അയ്യപ്പൻപിള്ളയുടെ കൃതജ്ഞതാപ്രകാശനത്തോടെയാണ് യോഗം സമാപിച്ചത്.

രണ്ടുദിവസം നീണ്ടുനിന്ന ആഘോഷപരിപാടികളിൽ പങ്കെടുക്കാൻ എൻ.എസ്.എസ്. നായകസഭാംഗങ്ങൾ, താലൂക്ക് യൂണിയൻ പ്രസിഡന്റുമാർ, വൈസ് പ്രസിഡന്റുമാർ, പ്രതിനിധിസഭാംഗങ്ങൾ, താലൂക്ക് യൂണിയൻ കമ്മറ്റിയംഗങ്ങൾ, കരയോഗ-വനിതാസമാജ-ബാലസമാജപ്രതിനിധികൾ, രാഷ്ട്രീയ-സാമൂഹിക മണ്ഡലങ്ങളിൽ പ്രവർത്തിക്കുന്ന ജനപ്രതിനിധികളടക്കമുള്ള വിശിഷ്ടവ്യക്തികൾ എന്നിവരുൾപ്പെടെ പതിനായിരക്കണക്കിന് സമുദായസ്നേഹികളാണ് എത്തിയത്. അവരേവരും തികഞ്ഞ അച്ചടക്കത്തോടെ സ്വയം നിയന്ത്രിച്ചും, ഉള്ള സൗകര്യങ്ങളിൽ തൃപ്തരായും ഈ ആഘോഷം വിജയിപ്പിക്കാൻ ആത്മാർത്ഥമായി സഹകരിച്ചു. ഇക്കാര്യത്തിൽ മാധ്യമങ്ങളുടെ സഹകരണവും സ്മരണീയമാണ്.

നായർ സർവീസ് സൊസൈറ്റിയെ സംബന്ധിച്ചിടത്തോളം സമുദായാചാര്യന്റെ ജയന്തി പൂർവാധികം ഭംഗിയായി ഈ വർഷവും കൊണ്ടാടുവാൻ കഴിഞ്ഞു എന്നത് അഭിമാനകരംതന്നെയാണ്.

ഇതിന്റെയെല്ലാം പിന്നിലെ ചാലകശക്തി കർമ്മയോഗിയും അനശ്വരനുമായ മന്നത്തുപത്മനാഭൻ എന്ന ആ മഹാത്മാവാണ്.